ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 04.06.2025** **TIME: 07.25 AM**

## പ്രധാന വാർത്തകൾ

1) വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ മഴക്കെടുതി രൂക്ഷമായി തുടരുന്നു; രക്ഷാ - ദുരതിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള പിന്തുണ ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
   **Flood fury continues in Northeastern states; Prime Minister Narendra Modi takes stock of situation and assures full support for relief and rehabilitation.**

2) ഐ.പി.എൽ ക്രിക്കറ്റിൽ കന്നി കിരീടം ചൂടി റോയൽ ചലഞ്ചേഴ്സ് ബംഗളൂരു; ഫൈനലിൽ പഞ്ചാബിനെ തകർത്തത് 6 റൺസിന്.
   **Royal Challengers Bengaluru have clinched the Indian Premier League trophy for the first time. They defeated Punjab Kings by 6 runs.**

3) ഭീകരതയെയോ ആണവ ഭീഷണികളെയോ ഇന്ത്യ ഭയക്കുന്നില്ലെന്ന് സംയുക്ത സൈനിക മേധാവി അനിൽ ചൗഹാൻ.
   **India not to live under shadow of terror & nuclear blackmail, says CDS General Anil Chauhan**

4) കേരളത്തിന്റെ റെയിൽ ബജറ്റ് വിഹിതം 3,042 കോടി രൂപയായി വർദ്ധിച്ചതായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.

**Union Minister for Railways Ashwini Vaishnaw said that the Kerala's railway budget has been increased to 3 thousand 42 crore rupees.**

5) **ഈ വർഷത്തെ ഹജ്ജ് കർമങ്ങൾക്ക് ഇന്ന് തുടക്കമാകും; അറഫാ സംഗമം നാളെ.**

**The annual five day Haj pilgrimage commences today. Arafat Gathering will take place Tomorrow.**

6) **ദക്ഷിണ കൊറിയയിൽ പ്രതിപക്ഷ ഡെമോക്രാറ്റിക് പാർട്ടി നേതാവ് ലീ ജെ-മ്യുങ് അടുത്ത പ്രസിഡൻറ്.**

**Democratic Party candidate Lee Jae-myung projected to become next president of South Korea.**

**&&&&&&&&&&&&&&&**

## PREZ-CIVIL OFFICERS

സർക്കാർ പദ്ധതികൾ എല്ലാവരിലും എത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ നിർമ്മിത ബുദ്ധി, ഇ-ഗവേണൻസ്, എന്നിവയിലെ നൂതനാശയങ്ങൾ സ്വീകരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. 127-ാമത് ഇൻഡക്ഷൻ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന സിവിൽ സർവീസസ് ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സേവന വിതരണം മെച്ചപ്പെടുത്തുന്നത് മുതൽ ഡാറ്റാധിഷ്ഠിത തീരുമാനമെടുക്കൽ വരെ, ഡിജിറ്റൽ ഉപകരണങ്ങൾ കാര്യക്ഷമവും സുതാര്യവും പൗരസൗഹൃദപരവുമായ ഭരണ സംവിധാനം സാധ്യമാക്കാൻ സഹായിക്കുമെന്ന് ശ്രീമതി മുർമു പറഞ്ഞു.

**&&&&&&&&&&&&&&&**

## PM - NORTHEAST FLOODS

വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ കനത്ത മഴയും വെള്ളപ്പൊക്കവും തുടരുന്ന പശ്ചാത്തലത്തിൽ അസ്സം, സിക്കിം മുഖ്യമന്ത്രിമാരുമായി സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി സ്ഥിതിഗതികൾ വിലയിരുത്തി. ദുരിതബാധിത സംസ്ഥാനങ്ങളിലെ സാഹചര്യങ്ങളിൽ ആശങ്ക രേഖപ്പെടുത്തിയ പ്രധാനമന്ത്രി ദുരിതാശ്വാസ, പുനരധിവാസ

പ്രവർത്തനങ്ങൾക്ക് എല്ലാ സഹായവും ഉറപ്പുനൽകി.

&&&&&&&&&&&&&&

## SIKKIM - RESCUE

സിക്കിമിൽ മണ്ണിടിച്ചിലിനെ തുടർന്ന് ലാച്ചെൻ, ഛാഥൻ പ്രദേശങ്ങളിൽ കുടുങ്ങി കിടക്കുന്ന വിനോദ സഞ്ചാരികളെ രക്ഷപെടുത്താനുള്ള ശ്രമങ്ങൾ ഇന്ന് പുനരാരംഭിക്കും. ഇന്നലെ 34 പേരെയാണ് വ്യോമസേനയും എൻ.ഡി.ആർ.എഫും രക്ഷപ്പെടുത്തിയത്. 130 വിനോദ സഞ്ചാരികളാണ് ലാച്ചെനിൽ കുടുങ്ങിയതെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു.

&&&&&&&&&&&&&&

## IPL - CRICKE (INTRO)

ഐ പി എൽ ക്രിക്കറ്റിൽ കന്നി കിരീടം ചൂടി റോയൽ ചലഞ്ചേഴ്സ് ബംഗളൂരു. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന കലാശപ്പോരാട്ടത്തിൽ പഞ്ചാബ് കിംഗ്സിനെ 6 റൺസിന് പരാജയപ്പെടുത്തിയാണ് ആർ.സി.ബിയുടെ കിരീട നേട്ടം.

ആകാശവാണി പ്രതിനിധി **സുരേഷ് ബാബു** തയ്യാറാക്കിയ റിപ്പോർട്ട്...

(വോയ്സ്.........)

അസാധാരണ ബൗളിംഗ് പ്രകടനം കാഴ്ചവച്ച ക്രുണാൽ പാണ്ഡ്യയാണ് പ്ലെയർ ഓഫ് ദി മാച്ച്. ഗുജറാത്ത് ടൈറ്റൻസിന്റെ സായ് സുദർശൻ കൂടുതൽ റൺസ് നേടിയതിന് ഓറഞ്ച് ക്യാപ്പും, സഹതാരം പ്രസിദ്ധ് കൃഷ്ണ കൂടുതൽ വിക്കറ്റുകൾ വീഴ്ത്തിയതിന് പർപ്പിൾ ക്യാപ്പും നേടി. ടൂർണമെന്റിലുടനീളം മികച്ച ബാറ്റിംഗ് കാഴ്ചവെച്ച മുംബൈ ഇന്ത്യൻസിന്റെ സൂര്യ കുമാർ യാദവ് ഏറ്റവും വിലപ്പെട്ട കളിക്കാരനായി തെരഞ്ഞെടുക്കപ്പെട്ടു.

&&&&&&&&&&&&&&

## ALL PARTY DELEGATION

ഓപ്പറേഷൻ സിന്ദൂറിന്റെ പാശ്ചാത്തലത്തിൽ ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ ശക്തമായ നിലപാട് ലോകരാജ്യങ്ങളെ അറിയിക്കുന്നതിനായി എം.പിമാരുടെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘങ്ങൾ വിദേശ പര്യടനം തുടരുന്നു. ബി.ജെ.പി എം.പി ബൈജയന്ത് പാണ്ട, ഡി.എം.കെ എം.പി കനിമൊഴി കരുണാനിധി എന്നിവരുടെ നേതൃത്വത്തിലുള്ള സംഘങ്ങൾ പര്യടനം പൂർത്തിയാക്കി ഇന്നലെ തിരിച്ചെത്തി.

&&&&&&&&&&&&&&

## MISRI UK GOVT

ഭീകരവാദത്തിനെതിരായ ഇന്ത്യൻ പോരാട്ടത്തിന് ഐക്യദാർഢ്യവും പിന്തുണയും പ്രഖ്യാപിച്ച യു.കെ സർക്കാരിനെ അഭിനന്ദിച്ച് വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി. ഇന്നലെ വിദേശകാര്യ- കോമൺവെൽത്ത് ഡെവലപ്മെൻറ് ഓഫീസിലെ സ്ഥിരം അണ്ടർ സെക്രട്ടറി ഒലിവർ റോബിൻസുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തുകയായിരുന്നു ശ്രീ മിശ്രി. ന്യൂഡൽഹിയിൽ നടന്ന 17-ാമത് ഇന്ത്യ- യു.കെ ഫോറിൻ ഓഫീസ്

കൺസൽട്ടേഷൻസിൻറെയും ആദ്യ സ്ട്രാറ്റജിക് എക്സ്പോർട്സ് ആൻറ് ടെക്നോളജി കോ-ഓപ്പറേഷൻ ഡയലോഗിൻറെയും ഭാഗമായായിരുന്നു കൂടിക്കാഴ്ച.

**&&&&&&&&&&&&&&&**

## CDS- PAK (INTRO)

ഭീകരതയെയോ ആണവ ഭീഷണികളെയോ ഇന്ത്യ ഭയക്കില്ലെന്ന് സംയുക്ത സൈനിക മേധാവി അനിൽ ചൗഹാൻ. ഭീകരവാദത്തെ പിന്തുണയ്ക്കുന്നതിൽ നിന്ന് പാകിസ്ഥാൻ പിന്തിരിയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സാവിത്രിഭായ് ഫൂലെ പൂനെ സർവകലാശാലയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു ശ്രീ.അനിൽ ചൗഹാൻ. ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ സൈനിക നടപടികൾ മുന്നേറിയെന്നതിന് തെളിവാണ് ഓപ്പറേഷൻ സിന്ദൂറെന്നും അദ്ദേഹം പറഞ്ഞു.

**(ഹോൾഡ് വോയ്സ്.........)**

**&&&&&&&&&&&&&&&**

## INDIA BLOC-MEET

പഹൽഗാം ആക്രമണത്തിന്റെയും ഓപ്പറേഷൻ സിന്ദൂറിന്റെയും പശ്ചാത്തലത്തിൽ പാർലമെന്റിന്റെ പ്രത്യേക സമ്മേളനം ചേരണമെന്ന് ആവശ്യപ്പെട്ട് I N D I സഖ്യം. ഇക്കാര്യം ഉന്നയിച്ചുകൊണ്ട് 16 രാഷ്ട്രീയ പാർട്ടികൾ പ്രധാനമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ടെന്ന് ന്യൂഡൽഹിയിൽ നടന്ന I N D I A യോഗത്തിന് ശേഷം കോൺഗ്രസ് എം.പി.ദീപേന്ദർ സിംഗ് ഹൂഡ മാധ്യമങ്ങളോട് പറഞ്ഞു.

**&&&&&&&&&&&&&&&**

## BJP-CONGRESS

ഓപ്പറേഷൻ സിന്ദൂറിനെയും ഇന്ത്യൻ സൈന്യത്തെയും രാജ്യത്തെയും ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അപമാനിച്ചെന്ന് ബി.ജെ.പി. ഭോപ്പാലിൽ ഇന്നലെ നടന്ന പരിപാടിയിൽ രാഹുൽ ഗാന്ധി നടത്തിയ പരാമർശങ്ങൾ പരിഷ്കൃത രാഷ്ട്രീയനേതാവിനും, പ്രതിപക്ഷ നേതാവിനും യോജിച്ചതല്ലെന്ന് ബി.ജെ.പി എം.പി സംബിത് പത്ര ആരോപിച്ചു.

&&&&&&&&&&&&&&

## CM-ASWINI VAISHNAV

കേരളത്തിന് അനുവദിച്ച റെയിൽവേ ബജറ്റ് വിഹിതം 372 കോടി രൂപയിൽ നിന്ന് ഈ സാമ്പത്തിക വർഷത്തിൽ 3,042 കോടി രൂപയായി ഉയർത്തിയതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. അങ്കമാലി- എരുമേലി റെയിൽവേ പദ്ധതി സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയനുമായി നടത്തിയ ചർച്ചകൾക്ക് ശേഷം അദ്ദേഹം സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചതാണ് ഇക്കാര്യം. അങ്കമാലി- ശബരി റെയിൽപ്പാതയുടെ നിർമാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കാനും കൂടിക്കാഴ്ചയിൽ ധാരണയായി. പാതയ്ക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ജൂലായിൽ തന്നെ ആരംഭിക്കാനും തീരുമാനിച്ചു. അതേസമയം കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയേക്കും.

&&&&&&&&&&&&&&

## FACT CHECK- RBI

2026 മാർച്ച് മാസത്തോടെ 500 രൂപ കറൻസി നോട്ടുകൾ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പിൻവലിക്കുമെന്ന തരത്തിൽ പ്രചരിക്കുന്ന യുട്യൂബ് വീഡിയോ വസ്തുതാ വിരുദ്ധമാണെന്ന് കേന്ദ്ര സർക്കാർ. ആർ.ബി.ഐ ഇത്തരത്തിലുള്ള ഒരു പ്രഖ്യാപനവും നടത്തിയിട്ടില്ലെന്ന് പി.ഐ.ബി ഫാക്ട് ചെക്ക് അറിയിച്ചു. 500 രൂപ നോട്ടുകൾ പിൻവലിച്ചിട്ടില്ലെന്നും സാധുതയുണ്ടെന്നും പി.ഐ.ബി അറിയിച്ചു.

&&&&&&&&&&&&&&

## PM- YOGA

യോഗ ദിനവുമായി ബന്ധപ്പെട്ട് രാജ്യമെമ്പാടും ജനങ്ങളിൽ ആവേശം വർധിക്കുന്നതിൽ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യോഗയെ ജനപ്രിയമാക്കാൻ യോഗാന്ദ്ര -2025 എന്ന പരിപാടിയിലൂടെ ആന്ധ്രാപ്രദേശിലെ ജനങ്ങൾ നടത്തുന്ന ശ്രമങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. ഈ മാസം 21 ന് യോഗ ദിനം ആഘോഷിക്കാനും യോഗ ജീവിതത്തിന്റെ ഭാഗമാക്കാനും പ്രധാനമന്ത്രി ജനങ്ങളോട് ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&

## HAJJ

ഈ വർഷത്തെ ഹജ്ജ് കർമങ്ങൾക്ക് ഇന്ന് തുടക്കമാകും. മിനായിലെ തമ്പുകളിൽ തീർത്ഥാടകരെത്തുന്നതോടെയാണ് കർമങ്ങൾ ആരംഭിക്കുക. ഇന്ന് മുഴുവൻ സമയവും തീർത്ഥാടകർ മിനായിൽ പ്രാർത്ഥനയിൽ കഴിയും. ഹജ്ജിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമം നാളെ നടക്കും. 18 ലക്ഷത്തിലധികം തീർത്ഥാടകർ അറഫാ സംഗമത്തിൽ പങ്കെടുക്കുമെന്നാണ് വിവരം.

&&&&&&&&&&&&&&

## S KOREA ELECTION RESULT

ദക്ഷിണ കൊറിയയിൽ പ്രതിപക്ഷ ഡെമോക്രാറ്റിക് പാർട്ടി നേതാവ് ലീ ജെ-മ്യുങ് അടുത്ത പ്രസിഡന്റാകും. ഇന്നലെ നടന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ അദ്ദേഹം വൻ ഭൂരിപക്ഷം നേടിയതായി ഔദ്യോഗിക ഫലങ്ങൾ വ്യക്തമാക്കുന്നു. പ്രധാന എതിരാളിയായ നിലവിലെ പ്രസിഡന്റ് പീപ്പിൾ പവർ പാർട്ടിയുടെ കിം മൂൺ-സൂവിനെയാണ് ലീ ജെ-മ്യുങ് പരാജയപ്പെടുത്തിയത്. സൈനികനിയമം പ്രഖ്യാപിച്ചതിനെ തുടർന്ന് മുൻ പ്രസിഡന്റ് യൂൺ സുക് യോളിനെ പാർലമെന്റ് ഇംപീച്ച്ചെയ്ത് പുറത്താക്കി ആറ് മാസത്തിന് ശേഷമാണ് ദക്ഷിണ കൊറിയയിൽ തെരഞ്ഞെടുപ്പ് നടന്നത്.

&&&&&&&&&&&&&&&

## UNGA-PRESIDENT

ഐക്യരാഷ്ട്ര പൊതുസഭയുടെ പ്രസിഡന്റായി ജർമനിയുടെ മുൻ വിദേശമന്ത്രി അന്നലീന ബെയർബോക്കിനെ തെരഞ്ഞെടുത്തു. റഷ്യ ആവശ്യപ്പെട്ട പ്രകാരം 193 അംഗ സഭയിൽ നടത്തിയ രഹസ്യ ബാലറ്റ് വോട്ടെടുപ്പിൽ ബെയർബോക്ക് 167 വോട്ട് നേടി.

&&&&&&&&&&&&&&&

## POLAR RESEARCH VESSEL- MOU

രാജ്യത്തെ ആദ്യ തദ്ദേശിയ പോളാർ റിസർച്ച് വെസൽ നിർമിക്കുന്നതിന് സഹായകമാകുന്ന ധാരണാപത്രത്തിൽ ഒപ്പുവച്ച് ഇന്ത്യയും നോർവേയും. കേന്ദ്ര ഷിപ്പിങ് മന്ത്രി സർബാനന്ദ സോനോവാളിൻറെ സാന്നിധ്യത്തിൽ ഇന്ത്യയുടെ ഗാർഡൻ റീച്ച് ഷിപ് ബിൽഡേഴ്സ് ആൻറ് എൻജിനീർസ് ലിമിറ്റഡും നോർവേയുടെ കാങ്സ്ബെർഗ് ഓസ്ലോയുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. ശാസ്ത്രീയ

പുരോഗതി, സുസ്ഥിര വികസനം എന്നിവയിലെ ഇന്ത്യയുടെ അചഞ്ചലമായ പ്രതിബദ്ധതയ്ക്ക് പ്രതീക്ഷ നൽകുന്നതാണ് ധാരണാപത്രമെന്ന് ശ്രീ സോനോവാൾ പറഞ്ഞു.

&&&&&&&&&&&&&&

## WEATHER – KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ,കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&

## NILAMBUR BYELECTION

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ. നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള
സമയം നാളെ അവസാനിക്കും. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ നടന്നു. ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&&&